# സംസ്ഥാന ചരക്ക്സേവന നികുതി വകുപ്പ്

ടാക്സ് ടവർ ,കരമന
കിള്ളിപ്പാലം, തിരുവനന്തപുരം
തീയതി :09-08-2024

## പത്രക്കുറിപ്പ്

### റിട്ടേൺ ഫയൽ ചെയ്യാൻ പുതിയ സോഫ്റ്റ്‌വെയർ നിലവിൽ വന്നു.

തിരുവനന്തപുരം: കേരള മൂല്യവർധിത നികുതി നിയമം 2003, കേരള പൊതുവില്പന നികുതി നിയമം 1963, കേന്ദ്ര വില്പന നികുതി നിയമം 1956 എന്നിവയ്ക്ക് കീഴിലുള്ള റിട്ടേണുകൾ ഫയൽ ചെയ്യുന്നതിന് സംസ്ഥാന ജി.എസ്.ടി വകുപ്പിന്റെ പുതിയ സോഫ്റ്റ്‌വെയർ ആയ കേരള ഇൻഡയറക്റ്റ് ടാക്സ് ഇൻഫർമേഷൻ സിസ്റ്റം (KITIS) 2024 ഓഗസ്റ്റ് 1 മുതൽ പ്രവർത്തനക്ഷമമായി.

നിലവിലുണ്ടായിരുന്ന കേരള വാല്യൂ ആഡഡ് ടാക്സ് ഇൻഫർമേഷൻ സിസ്റ്റം (KVATIS) സോഫ്റ്റ് വെയറിന് പകരമായിട്ടാണ് പുതിയ സോഫ്റ്റ് വെയർ ആയ KITIS നടപ്പിലാക്കിയിട്ടുള്ളത്. KVATIS ഇൽ നിലവിലുണ്ടായിരുന്ന VAT ഫോം 10 റിട്ടേണിനു പകരം മേൽ നിയമങ്ങളിൽ വരുത്തിയ ഭേദഗതികൾ പ്രകാരമുള്ള ഫോം 9 ഇൽ ആണ് വ്യാപാരികൾ ഇനി മുതൽ റിട്ടേൺ ഫയൽ ചെയ്യേണ്ടത്.

മുൻ സാമ്പത്തിക വർഷത്തിലെ വാർഷിക നികുതി ബാധ്യത പത്ത് ലക്ഷം രൂപയോ അതിൽ കൂടുതലോ ഉള്ള എണ്ണക്കമ്പനികൾ ഒഴികെയുള്ള വ്യാപാരികൾക്ക് പ്രതിമാസ റിട്ടേൺ ഫയൽ ചെയ്യുവാനുള്ള അവസാന തീയതി റിട്ടേൺ പിരീഡിന് ശേഷമുള്ള മാസത്തിലെ 10 ആം തീയതി ആയിരിക്കും. എണ്ണക്കമ്പനികൾക്കും മറ്റ് വ്യാപാരികൾക്കും പ്രതിമാസ റിട്ടേൺ ഫയൽ ചെയ്യുവാനുള്ള അവസാന തീയതി റിട്ടേൺ പിരീഡിന് ശേഷമുള്ള മാസത്തിലെ 15 ആം തീയതി ആയിരിക്കും. മേൽപ്പറഞ്ഞ മൂന്ന് നിയമങ്ങൾക്ക് കീഴിലുള്ള വാർഷിക റിട്ടേണുകൾ ഫയൽ ചെയ്യുന്നതിനുള്ള അവസാന തീയതി എല്ലാ വർഷവും ഏപ്രിൽ 30 ആയിരിക്കും.

പുതിയ സോഫ്റ്റ്‌വെയർ വഴി റിട്ടേൺ ഫയൽ ചെയ്യുന്നതിനും പണമടയ്ക്കുന്നതിനും www.kitis.keralataxes.gov.in എന്ന പോർട്ടൽ വ്യാപാരികൾക്ക് ഉപയോഗിക്കാവുന്നതാണ് .

വിശദ വിവരങ്ങൾക്ക് സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റ് ആയ **www.keralataxes.gov.in** ഇൽ നൽകിയിട്ടുള്ള ട്രേഡ് സർക്കുലർ നമ്പർ 14/2024 തീയതി 03/08/2024 പരിശോധിക്കാവുന്നതാണ്.

**ജി .എസ് .ടി നിയമ പ്രകാരമുള്ള റിട്ടേൺ ഫയലിംഗിനും , പേയ്മെന്റിനും ഇത് ബാധകമല്ല .**

COMMISSIONER